**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4356** **06-03-2023 - ൽ മറുപടിയ്ക്ക്**

**ഗ്രാഫീൻ അധിഷ്ഠിത വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ .ഡി .പ്രസേനൻ ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. എ. രാജ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | നാളെയുടെ പദാർത്ഥം എന്ന് വിശേഷിപ്പിക്കുന്ന ഗ്രാഫീൻ വ്യാവസായികമായി ഉല്പാദിപ്പിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്.<br><br>കേരളത്തെ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയായി മാറ്റുന്നതിന്റെ ഭാഗമായി ഗ്രാഫീൻ പദാർത്ഥം വ്യാവസായികമായി ഉല്പാദിപ്പിക്കുന്നതിനും ഗവേഷണം നടത്തുന്നതിനും സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിലേക്ക് ഒരു ഗ്രാഫീൻ നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.<br><br>ഗ്രാഫീൻ സംബന്ധിച്ച് ഗവേഷണ-പരീക്ഷണങ്ങൾ നടത്തുന്നതിനായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി, സീ-മെറ്റ്, ടാറ്റാ സ്റ്റീൽ എന്നിവയുമായി ചേർന്ന് സർക്കാർ സ്ഥാപിക്കുന്ന 'ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ'-ന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2023 സെപ്റ്റംബറോടെ പ്രസ്തുത സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് കണക്കുകൂട്ടുന്നു. 86.41 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിക്ക് ഭരണാനുമതി ലഭിച്ചു കഴിഞ്ഞു. 'ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ'-ന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്കായി 6 കോടി രൂപ പദ്ധതി വിഹിതം ഉൾപ്പെടെ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഗ്രാഫീൻ അധിഷ്ഠിത വ്യവസായ പാർക്കുകൾ എന്ന ആശയം ഈ സർക്കാർ മുന്നോട്ടുവെച്ചിട്ടുണ്ടോ; ഈ മേഖലയിലെ ഗവേഷണത്തിന് വിദേശ രാജ്യങ്ങളുമായി സഹകരണം ഉറപ്പു വരുത്തുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്<br><br>സംസ്ഥാനത്ത് ഗ്രാഫീൻ അധിഷ്ഠിത വ്യവസായ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എറണാകുളം കാക്കനാട് 3 ഏക്കർ ഭൂമി കിൻഫ്ര മുഖാന്തിരം അലോട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | ഗ്രാഫീൻ അധിഷ്ഠിത വ്യവസായ മേഖലയിലെ ഗവേഷണത്തിനും സഹകരണത്തിനുമായി മാഞ്ചെസ്റ്റർ, ഓക്സ്ഫോർഡ്, എഡിൻബർഗ്, ജർമ്മനിയിലെ സീഗൻ എന്നീ സർവകലാശാലകളുമായി കേരള ഡിജിറ്റൽ സർവ്വകലാശാല ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് വ്യാവസായികമായി ഗ്രാഫീൻ അധിഷ്ഠിത ഉല്പാദനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്.<br><br>ചെന്നൈ ആസ്ഥാനമായുള്ള മുരുഗപ്പ ഗ്രൂപ്പിന്റെ സഹ സ്ഥാപനമായ കാർബോറണ്ടം യൂണിവേഴ്സൽ ലിമിറ്റഡ് അവരുടെ കൊച്ചി പ്ലാന്റിൽ ഗ്രാഫീന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനം ആരംഭിച്ചു. 2023 ഫെബ്രുവരി 17-നാണ് ഉല്പാദനം ആരംഭിച്ചത്. ഇതിനായി കാക്കനാട്ടെ പ്രത്യേക സാമ്പത്തിക മേഖലയിൽ 12,000 ചതുരശ്ര അടി സൗകര്യമുള്ള പ്ലാന്റാണ് കാർബോറണ്ടം യൂണിവേഴ്സൽ സ്ഥാപിച്ചിട്ടുള്ളത്. പ്രതിവർഷം ആറ് ലക്ഷം ലിറ്റർ ഗ്രാഫീൻ പൊടി സംസ്കരിക്കാനുള്ള ശേഷി പ്ലാന്റിനുണ്ട്. പ്ലാന്റിനായി ശ്രീലങ്കയിൽ നിന്ന് ഉയർന്ന നിലവാരമുള്ള വെയിൻ ഗ്രാഫൈറ്റ്, കമ്പനി ഇറക്കുമതി ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ